## മാർത്തോമ്മാ സന്നദ്ധ സുവിശേഷക സംഘം പ്രസിഡന്റ്
## റൈറ്റ് റവ. മാത്യൂസ് മാർ സെറാഫീം എപ്പിസ്ക്കോപ്പായിൽ നിന്നും

സർക്കുലർ നമ്പർ 7

കർത്താവിൽ പ്രീയരെ,

'ഓരോ മാർത്തോമ്മാക്കാരനും ഓരോ സുവിശേഷകൻ' എന്ന ദർശന സാക്ഷാത്ക്കാരമായി 1924ൽ ആരംഭിച്ച മാർത്തോമ്മാ സന്നദ്ധ സുവിശേഷക സംഘം പ്രവർത്തന പന്ഥാവിൽ അനുഗ്രഹീതമായ നൂറ്റിരണ്ട് സംവത്സരങ്ങൾ പിന്നിട്ടു. സംഘം പ്രവർത്തനങ്ങളിൽ വ്യാപരിച്ചുകൊണ്ടിരിക്കുന്ന ദൈവ കൃപക്ക് സ്തോത്രം ചെയ്യാം. കാലാകാല ങ്ങളിൽ സംഘത്തെ നയിക്കുന്നതിന് തക്കതായ ആളുകളെ ദൈവം ഒരുക്കുന്നു. നേതൃത്വം നൽകിയ തിരുമേനിമാർ, വൈദീകർ, അത്മായ നേതാക്കൾ എന്നിവരുടെ നേതൃത്വത്തിനായി ദൈവത്തെ സ്തുതിക്കാം

ശതാബ്ദിയോട് അനുബന്ധിച്ച് സംഘം ഏറ്റെടുത്ത വിവിധ കർമ്മ പദ്ധതികൾ എല്ലാം തന്നെ പൂർത്തിയാക്കു ന്നതിന് ദൈവം അവസരം നൽകി. സുന്ദരപാണ്ട്യപുരത്ത് വിശ്വാസ സമൂഹത്തിന് കൂടിവരുന്നതിനുള്ള ആരാധനാ ലയവും മിഷൻ വീടും സെപ്റ്റംബർ 4-ാം തീയതി കൂദാശ ചെയ്തു. സംഘത്തിന്റെ 2025-2026 ലെ വാർഷിക സമ്മേള നവും 2026-2029 കാലഘട്ടത്തിലേക്കുള്ള തെരഞ്ഞെടുപ്പും സെപ്റ്റംബർ 12-ാം തീയതി ക്രമീകരിക്കുന്നതിന് സാധിച്ചു. വ്യാപരിച്ച ദൈവകൃപക്ക് സ്തോത്രം.

സംഘത്തിന്റെ അച്ചൻകോവിൽ, കൽക്കുളം, മുക്കട, സുന്ദരപാണ്ട്യപുരം, സുരണ്ടൈ എന്നീ മിഷൻഫീൽഡുകളുടെ അനുഗ്രഹീതമായ പ്രവർത്തനങ്ങൾക്കും സ്വമേധാ സുവിശേഷകരുടെ പരിശീലന കേന്ദ്രമായ ഏബ്രഹാം മാർത്തോമ്മാ മെമ്മോറിയൽ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾക്കും ഏവരുടെയും പ്രാർത്ഥനയും സഹകരണവും ഉണ്ടാകണം. എ.എം.എം ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിലെ വിവിധ കോഴ്സുകളിൽ പങ്കെടുക്കുവാൻ വിശ്വാസ സമൂഹ ത്തെ ഒരുക്കണം. സംഘത്തിന്റെ ഗോസ്പൽ ടീം പ്രവർത്തനങ്ങൾ ഇടവകകൾ പ്രയോജനപ്പെടുത്തണം. കൊമ്പാടിയിൽ എല്ലാ മാസത്തിന്റെയും ആദ്യ തിങ്കളാഴ്ച ക്രമീകരിക്കുന്ന മുഴുരാത്രി പ്രാർത്ഥന, രണ്ടാം ചൊവാഴ്ചകളിലെ ധ്യാനം, മൂന്നാം ബുധനാഴ്ചകളിൽ നടക്കുന്ന മദ്ധ്യസ്ഥപ്രാർത്ഥന എന്നിവയിൽ പ്രാർത്ഥനയോടെ വിശ്വാസ സമൂഹം പങ്കെടു ക്കണം.

ഈ വർഷം സെപ്റ്റംബർ 27 മുതൽ ഒക്ടോബർ 4 വരെ സംഘവാരമായും ഒക്ടോബർ 4 സംഘ ദിനമായും ക്രമീ കരിക്കുന്നു. സംഘത്തിന്റെ പ്രവർത്തനങ്ങളെ പരിചയപ്പെടുത്തുന്നതിനായി സെപ്റ്റംബർ 27-ാം തീയതി ഞായറാഴ്ച ഡപ്യൂട്ടേഷൻ ക്രമീകരിക്കുന്നു. സന്ദർശിക്കുന്നവർക്ക് ആവശ്യമായ അവസരങ്ങൾ നൽകുവാൻ വികാരിമാർ ശ്രദ്ധി ക്കണം. സംഘത്തിന്റെ ഏഴിന പരിപാടികൾ ഇടവക തലത്തിൽ ക്രമീകരിക്കുന്നതിന് ശ്രദ്ധിക്കുമല്ലോ.

സംഘദിനത്തിലെ സ്തോത്രകാഴ്ചയാണ് സംഘത്തിന്റെ പ്രധാന വരുമാന മാർഗം. ഈ വർഷം 40 ലക്ഷം രൂപ യാണ് സ്തോത്രകാഴ്ചയായി പ്രതീക്ഷിക്കുന്നത്. സംഘദിനത്തിൽ പ്രത്യേകം തയാറാക്കി ഇടവകകളിൽ നൽകിയി രിക്കുന്ന കവറുകളിലും അല്ലാതെയും ലഭിക്കുന്ന സ്തോത്രകാഴ്ച മുഴുവനും കാലതാമസം കൂടാതെ ജനറൽ സെക്രട്ടറി, മാർത്തോമ്മാ സന്നദ്ധ സുവിശേഷക സംഘം, കൊമ്പാടി, മഞ്ഞാടി പി. ഒ, തിരുവല്ല എന്ന വിലാസത്തിൽ എത്തി ക്കുവാൻ ഇടവകചുമതലക്കാരും ഇടവകമിഷൻ പ്രവർത്തകരും ശ്രദ്ധിക്കണം.

പ്രീയരെ, ആയിരിക്കുന്ന ഇടങ്ങളിൽ കർത്താവിന്റെ വിശ്വസ്ത സാക്ഷികളായി നിലകൊള്ളുവാൻ ദൈവം നമ്മെ സഹായിക്കട്ടെ. ഉത്സാഹത്തിൽ മടുപ്പില്ലാതെ ആത്മാവിൽ എരിവുള്ളവരായി നമുക്ക് കർത്താവിന്റെ വേല ചെയ്യാം. തണ്ടിൻമേൽ തെളിച്ച വിളക്കുപോലെ അനേകർക്ക് വെളിച്ചം പകരാം..

കർത്താവിന്റെ കൃപ നാമെല്ലാവരോടും കൂടെയിരിക്കുമാറാകട്ടെ

ക്രിസ്താബ്ദം 2026 സെപ്ററംബർ 13-ാം തീയതി അടൂർ ഹെർമ്മോൻ അരമനയിൽ നിന്നും

**മാത്യൂസ് മാർ സെറാഫീം എപ്പിസ്ക്കോപ്പാ**

സന്നദ്ധ സുവിശേഷക സംഘം പ്രസിഡന്റ്

ലീഡർ: മാർത്തോമ്മാ സന്നദ്ധ സുവിശേഷക സംഘത്തിനായും ശാഖാ, സെന്റർ, ഭദ്രാസന, കേന്ദ്ര തലത്തിൽ നടക്കുന്ന ഇടവക മിഷൻ പ്രവർത്തനങ്ങൾക്കായും അഭിവന്ദ്യ തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനിക്കായും സന്നദ്ധ സുവിശേഷക സംഘം പ്രസിഡന്റ് അഭിവന്ദ്യ മാത്യുസ് മാർ സെറാഫിം എപ്പിസ്ക്കോപ്പാ തിരുമേനിക്കായും, ചുമതലക്കാർ, മാനേജിങ് കമ്മറ്റി അംഗങ്ങൾ, സുവിശേഷകർ, ഇതര പ്രവർത്തകർ എന്നിവർക്കായും ഞങ്ങൾ നിന്നോട് പ്രാർത്ഥിക്കുന്നു.

**പ്രതി: കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ.**

ലീഡർ: സംഘത്തിന്റെ മിഷൻ കേന്ദ്രങ്ങളായ അച്ചൻകോവിൽ, മുക്കട, കൽക്കുളം, സുന്ദരപാണ്ഡ്യപുരം, സുരണ്ടൈ എന്നീ കേന്ദ്രങ്ങൾക്കായും അവിടെ പ്രവർത്തിക്കുന്ന സുവിശേഷകർക്കായും, കൊമ്പാടി എ.എം.എം ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട്, ഗോസ്പൽ ടീം, ധ്യാനകേന്ദ്രം, എന്നിവക്കായും സുവിശേഷ പ്രവർത്തനങ്ങളെ ശക്തീകരിക്കുവാൻ യത്നിക്കുന്ന എല്ലാവർക്കായും ദൈവമേ, ഞങ്ങൾ നിന്നോട് പ്രാർത്ഥിക്കുന്നു.

**പ്രതി: കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ.**

## സമർപ്പണ പ്രാർത്ഥന

(എല്ലാവരും ചേർന്ന് പ്രാർത്ഥിക്കാം)

കാരുണ്യവാനായ കർത്താവേ, ആകയാൽ നിങ്ങൾ പുറപ്പെട്ടു, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കല്പിച്ചതു ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുംകൊണ്ടു സകലജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ എന്ന അവിടുത്തെ കല്പനയെ ഞങ്ങൾ സ്മരിക്കുന്നു. ദൈവരാജ്യത്തിന്റെ മഹത്വത്തിനു വേണ്ടി ഞങ്ങളുടെ സമയം, കഴിവ്, വിഭവങ്ങൾ, താലന്തുകൾ എന്നിങ്ങനെ നീ ഞങ്ങളുടെ ജീവിതത്തിൽ നൽകിയിരിക്കുന്നതെല്ലാം സമ്പൂർണ്ണമായി നിന്റെ പാദത്തിൽ സമർപ്പിക്കുന്നു. ഞങ്ങളുടെ സമർപ്പണത്തെ സ്വീകരിച്ചു ഞങ്ങളേയും മാർത്തോമ്മാ സന്നദ്ധ സുവിശേഷക സംഘത്തെയും തിരുനാമ മഹത്വത്തിനായി ഉപയോഗിക്കേണമേ. ആമേൻ.



# മാർത്തോമ്മാ സന്നദ്ധ സുവിശേഷക സംഘം

# സംഘദിന ആരാധനക്രമം

**2026 ഒക്ടോബർ 4 ഞായർ**

(മെത്രാപ്പോലീത്തായുടെ അംഗീകാരത്തോടു കൂടിയത്)

"സൈന്യങ്ങളുടെ യഹോവേ, തിരുനിവാസം എത്ര മനോഹരം!
എന്റെ ഉള്ളം യഹോവയുടെ പ്രാകാരങ്ങളെ വാഞ്ചിച്ചു മോഹിച്ചുപോകുന്നു. എന്റെ ഹൃദയവും എന്റെ മാംസവും ജീവനുള്ള ദൈവത്തെ നോക്കി ഘോഷിക്കുന്നു."
(സങ്കീ 84:1,2)

പാട്ട് - ക്രി. കീ- 383

കൗമാ

## പ്രാരംഭ പ്രാർത്ഥന

കാരുണ്യവാനായ കർത്താവേ, നിന്റെ വിശുദ്ധ സന്നിധിയിൽ ഒരുമിച്ചുകൂടി ആരാധിപ്പാൻ ഞങ്ങൾക്ക് നൽകിയ ഈ അവസരത്തിനായി നന്ദിയോടെ സ്തോത്രം. ദൈവരാജ്യത്തിന്റെ ശുശ്രൂഷകരായി ഞങ്ങളെ വിളിക്കുകയും നിയോഗിക്കുകയും ശക്തീകരിക്കുകയും ചെയ്യുന്ന നിന്റെ അളവറ്റ കരുണയ്ക്കായി ഞങ്ങൾ നിന്നെ വന്ദിക്കുന്നു. നിന്റെ രാജ്യത്തിന്റെ പങ്കാളികളായ ഞങ്ങൾ അന്ധകാരത്തിൽനിന്നു തന്റെ അത്ഭുത പ്രകാശത്തിലേക്കു ഞങ്ങളെ വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാൻ തക്കവണ്ണം തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയപുരോഹിതവർഗ്ഗവും വിശുദ്ധവംശവും സ്വന്തജനവും ആകുന്നു എന്ന ബോധ്യത്തോടെ നിനക്ക് ശുശ്രൂഷ ചെയ്യുവാൻ ഞങ്ങളെ പ്രാപ്തരാക്കേണമേ. മാർത്തോമ്മാ സന്നദ്ധ സുവിശേഷക സംഘദിനമായി വേർതിരിച്ചിരിക്കുന്ന ഈ ദിവസം ഞങ്ങളുടെ കഴിവുകളും സമയവും സമ്പത്തും താലന്തുകളും നിന്റെ നാമമഹത്വത്തിനായി ഉപയോഗിപ്പാൻ ഞങ്ങളെ സഹായിക്കേണമേ. ഞങ്ങളുടെ ശുശ്രൂഷയും ജീവിത സാക്ഷ്യവും ദൈവരാജ്യത്തിന്റെ വളർച്ചയ്ക്ക് സഹായകരമായിത്തീരുവാൻ നീ കൃപ നൽകേണമേ. സകല ആരാധനയും പുകഴ്ചയും മഹത്വവും നിനക്കു മാത്രം യോഗ്യമായിരിക്കുന്നു - ആമേൻ

## അനുതാപ പ്രാർത്ഥന

"നമുക്കു പാപം ഇല്ല എന്നു നാം പറയുന്നു എങ്കിൽ നമ്മെത്തന്നേ വഞ്ചിക്കുന്നു; സത്യം നമ്മിൽ ഇല്ലാതെയായി. നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു." (1 യോഹന്നാൻ 1:8,9)

*പിന്നാലെയുള്ള ഓരോ പ്രാർത്ഥനയ്ക്കും ശേഷം പ്രതിവാക്യമായി* ***കർത്താവേ, കൃപതോന്നി ഞങ്ങളോട് ക്ഷമിക്കേണമേ*** *എന്ന് പറയണം.*

ലീഡർ: ജീവിതത്തിൽ സൗകര്യങ്ങൾ വർദ്ധിച്ചപ്പോൾ, ആ സൗകര്യങ്ങളെ ഞങ്ങൾ സ്നേഹിച്ചു തുടങ്ങി; അവയുടെ സുഖത്തിൽ മുഴുകി, അങ്ങയുടെ വചനം ധ്യാനിക്കുന്നതിനും പ്രാർത്ഥിക്കുന്നതിനും സമയം കണ്ടെത്താതെ പോയ ഞങ്ങളുടെ കുറവുകളെ...

**പ്രതി: കർത്താവേ, കൃപതോന്നി ഞങ്ങളോട് ക്ഷമിക്കേണമേ**

ലീഡർ: ക്രിസ്തുശിഷ്യർ എന്ന് അഭിമാനത്തോടെ വിളിക്കപ്പെടുമ്പോഴും, സ്വന്തം കാര്യങ്ങളെക്കുറിച്ചു മാത്രം അധികമായി ചിന്തിക്കുകയും, അപരന്റെ വേദനയിൽ പങ്കാളികളാകാതെ അവരിൽ നിന്നും അകന്ന് നിൽക്കുകയും ചെയ്ത ഞങ്ങളുടെ കുറവുകളെ...

**പ്രതി: കർത്താവേ, കൃപതോന്നി ഞങ്ങളോട് ക്ഷമിക്കേണമേ**

ലീഡർ: ദൈവാലയത്തിലെ ആരാധനകളിലും, വചനധ്യാനങ്ങളിലും, വിശുദ്ധ കുർബ്ബാനകളിലും ഭക്തിപൂർവ്വം പങ്കുചേരുന്നവരായിരുന്നിട്ടും, നിന്റെ വചനത്തിന്റെ സത്യം ജീവിതത്തിൽ അനുഷ്ഠിക്കുവാനും, ആരാധനയുടെ ആത്മാവിനെ ദൈനംദിന ജീവിതത്തിൽ പ്രതിഫലിപ്പിക്കുവാനും ഞങ്ങൾ പലപ്പോഴും പരാജയപ്പെടുന്ന കുറവുകളെ

**പ്രതി: കർത്താവേ, കൃപതോന്നി ഞങ്ങളോട് ക്ഷമിക്കേണമേ**

## സ്തോത്ര പ്രാർത്ഥന

"സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മിക ഗീതങ്ങളാലും തമ്മിൽ സംസാരിച്ചും
നിങ്ങളുടെ ഹൃദയത്തിൽ കർത്താവിന്നു പാടിയും കീർത്തനം ചെയ്തും നമ്മുടെ
കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ദൈവവും പിതാവുമായവന്
എല്ലായ്പ്പോഴും എല്ലാറ്റിനുവേണ്ടിയും സ്തോത്രം ചെയ്തുകൊൾവിൻ."
(എഫേസ്യർ 5:19,20)

*പിന്നാലെയുള്ള ഓരോ പ്രാർത്ഥനയ്ക്കും ശേഷം പ്രതിവാക്യമായി* ***ഞങ്ങൾ നിനക്കു സ്തോത്രം ചെയ്യുന്നു*** *എന്ന് പറയണം.*

ലീഡർ: ദൈവരാജ്യത്തിന്റെ ശുശ്രൂഷകരായി വിളിക്കപ്പെട്ട ഞങ്ങൾക്ക് വ്യത്യസ്തമായ വരങ്ങളെ നൽകി ഒരു ശരീരത്തിന്റെ വിവിധ അവയവങ്ങൾ എന്നപോലെ ചേർത്തുനിർത്തി പരസ്പര പൂരകങ്ങളായി നിന്റെ സഭയെ പണിതുയർത്തുവാൻ ഞങ്ങളെ പ്രാപ്തരാക്കുന്ന സ്വർഗ്ഗീയ ജ്ഞാനത്തിനായി ദൈവമേ...



**പ്രതി: ഞങ്ങൾ നിനക്കു സ്തോത്രം ചെയ്യുന്നു.**

ലീഡർ: സുവിശേഷത്തിന്റെ ശബ്ദം ലോകത്തിൽ മങ്ങിപ്പോകുന്നതായി തോന്നുന്ന ഈ കാലഘട്ടത്തിലും, ദൈവരാജ്യത്തിന്റെ വ്യാപനത്തിനായി സമർപ്പിതരായവരെ വിളിച്ചുണർത്തുകയും, എല്ലാ പ്രതികൂല സാഹചര്യങ്ങളെയും അതിജീവിച്ച് ധൈര്യത്തോടും വിശ്വസ്തതയോടുംകൂടെ നിനക്ക് ശുശ്രൂഷ ചെയ്യുവാൻ അവരെ നിരന്തരം ശക്തിപ്പെടുത്തുകയും ചെയ്യുന്ന നിന്റെ മഹത്തായ കൃപയ്ക്കായി ദൈവമേ...

**പ്രതി: ഞങ്ങൾ നിനക്കു സ്തോത്രം ചെയ്യുന്നു.**

ലീഡർ: ഈ ശുശ്രൂഷാദൗത്യം ഞങ്ങളിൽ മാത്രം അവസാനിക്കാതെ, ഞങ്ങളുടെ മക്കൾക്കും വരും തലമുറകൾക്കും വിശ്വസ്തതയോടെ കൈമാറുവാനുള്ള കൃപയും ഉത്തരവാദിത്തബോധവും നൽകുന്ന നിന്റെ പദ്ധതിക്കായി ദൈവമേ....

**പ്രതി: ഞങ്ങൾ നിനക്കു സ്തോത്രം ചെയ്യുന്നു.**

## മദ്ധ്യസ്ഥ പ്രാർത്ഥന

"യാചിപ്പിൻ എന്നാൽ നിങ്ങൾക്കു കിട്ടും; അന്വേഷിപ്പിൻ എന്നാൽ നിങ്ങൾ കണ്ടെത്തും;
മുട്ടുവിൻ എന്നാൽ നിങ്ങൾക്കു തുറക്കും.
യാചിക്കുന്ന ഏവന്നും ലഭിക്കുന്നു; അന്വേഷിക്കുന്നവൻ കണ്ടെത്തുന്നു;
മുട്ടുന്നവന്നു തുറക്കും." (മത്തായി 7:7,8)

*പിന്നാലെയുള്ള ഓരോ പ്രാർത്ഥനയ്ക്കും ശേഷം പ്രതിവാക്യമായി* ***കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ*** *എന്ന് പറയണം.*

ലീഡർ: സങ്കീർണ്ണങ്ങളായ ഏറെ പ്രശ്നങ്ങൾക്ക് നടുവിലാണ് നാം നമ്മുടെ അനുദിന ജീവിതം നയിക്കുന്നത്. രോഗങ്ങൾ, തൊഴിലില്ലായ്മ, കുടുംബശിഥിലീകരണം, മയക്കുമരുന്നിന്റെ ഉപയോഗം യുദ്ധങ്ങൾ, പ്രകൃതി ദുരന്തങ്ങൾ എന്നിവ വർദ്ധിക്കുന്നു. മനുഷ്യ ജീവിതത്തിന്റെ സ്വസ്ഥതയെ നശിപ്പിക്കുകയും അവന്റെ ഭാവിയെ തകർക്കുകയും ജീവിതത്തെ ദുരിതപൂർണ്ണമാക്കുകയും ചെയ്യുന്ന ഈ പ്രതിസന്ധികളെ ദൈവസന്നിധിയിൽ സമർപ്പിച്ച് ദൈവകേന്ദ്രീകൃത പരിഹാരത്തിനായി പ്രാർത്ഥിക്കാം.

**പ്രതി: കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ.**